# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 293 27-09-2016-ൽ മറുപടിയ്ക്ക്**

## നികുതി സമാഹരണം

| ചോദ്യം<br>ശ്രീ. ഡി.കെ.മുരളി | | | മറുപടി<br>ഡോ.ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതി സമാഹരണത്തിന് പുതിയതായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നികുതി പിരിവ് ഊർജിതമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:-<br><br>**I. <u>വാണിജ്യ നികുതി വകുപ്പ്</u>**<br><br>നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് റിട്ടേൺ സ്ക്രൂട്ടിനി ശക്തമാക്കി. കൂടുതൽ വ്യാപാരികളെ നികുതി നിർണ്ണയ പരിധിയിൽകൊണ്ടു വരുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി വലിയ തുകകൾ ഉൾപ്പെട്ട ഹൈക്കോടതിയിലുള്ള കേസുകൾ അടിയന്തരമായി തീർപ്പുകൽപ്പിച്ച് നികുതി പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നു. ഇതിനുപുറമേ ഡെപ്യൂട്ടി കമ്മീഷണർ (അപ്പീൽ),ട്രൈബ്യൂണൽ എന്നിവയിൽ സ്റ്റേയിൽ കിടക്കുന്ന കേസുകളും അടിയന്തരമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നികുതി പിരിവിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം ഡ്യൂട്ടി സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും കമ്പ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തൽസമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ നിയമ നിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു. |

**2. ലാന്റ് റവന്യൂ വകുപ്പ്**

ലാന്റ് റവന്യൂ ഇനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി എന്നീ ഇനങ്ങളിൽ അധിക വിഭവ സമാഹരണം നടത്തുന്നതിനായി 01-08-2016 മുതൽ താലൂക്ക്- ജില്ലാ തലത്തിൽ ഒരു സ്പെഷ്യൽ ഡ്രൈവ് ആരംഭിച്ചിട്ടുണ്ട്. സ്പെഷ്യൽ ഡ്രൈവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 01-04-2011 മുതൽ പെർമിറ്റ് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ പട്ടിക ലഭ്യമാക്കി പരിശോധിച്ച് അവയിൽ അസസ് ചെയ്യുവാൻ ബാക്കിയുള്ളവ അസസ് ചെയ്ത് നികുതി ഈടാക്കുന്നതിനും കെട്ടിട നികുതി - ആഡംബര നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിനും നടപടി ജില്ലാ കളക്ടർമാർ സ്വീകരിക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി ഇനത്തിൽ പിരിവ് ഊർജ്ജിതമാക്കുന്നതിനായി റവന്യൂ വകുപ്പിൽ പുതിയതായി ഒരു ആർ.ആർ.ഓൺലൈൻ സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നുണ്ട്.

**3. രജിസ്ട്രേഷൻ വകുപ്പ്**

വിലയാധാരങ്ങളുടെ മുദ്ര നിരക്ക് പ്രാബല്യത്തിലുണ്ടായിരുന്ന 6% എന്നുള്ളത് 2016 ഫിനാൻസ് ബില്ലിലൂടെ 2% കൂട്ടി 8% ആയി വർദ്ധിപ്പിച്ചു. 01-04-2010-നു മുമ്പ് രജിസ്റ്റർ ചെയ്തതും ഒരേക്കറിനു താഴെ വിസ്തീർണവുമുള്ള ഭൂമി ഉൾപ്പെട്ടു വരുന്നതുമായ അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചു. ഫ്ലാറ്റുകളുടെ രജിസ്ട്രേഷന് നിശ്ചിത യോഗ്യതയുള്ള എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്ന വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി.

| | | | |
|---|---|---|---|
| | | | **4. <u>മോട്ടോർ വാഹന വകുപ്പ്</u>**<br>കാലപ്പഴക്കം ചെന്ന വാഹനങ്ങളിൽ നിന്നുള്ള വർദ്ധിച്ച തോതിലുള്ള പരിസ്ഥിതി മലിനീകരണം കണക്കിലെടുത്ത്, 15 വർഷത്തിൽകൂടുതൽ കാലപ്പഴക്കം ചെന്ന നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും 10 വർഷത്തിൽ കൂടുതലുള്ള ട്രാൻസ്പോർട്ട് വാഹനങ്ങൾക്കും ഗ്രീൻ ടാക്സ് ചുമത്തുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. അധിക നികുതി സമാഹരണം ലക്ഷ്യമിട്ട് എൻഫോഴ്സ്മെന്റ് പ്രവർത്തനം ഊർജ്ജിതപ്പെടുത്താനും നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല നികുതി കുടിശ്ശിക വരുത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ വകുപ്പിനു കീഴിൽ വരുന്ന എല്ലാ ഓഫീസുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**5. <u>എക്സൈസ് വകുപ്പ്</u>**<br>എക്സൈസ് വകുപ്പിൽ നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് നടത്തിവരുന്നത്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽനിന്നും വ്യാജ മദ്യങ്ങൾ സംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തിപ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | മുൻവർഷങ്ങളെ അപേക്ഷിച്ച് നികുതി സമാഹരണത്തിൽ പുരോഗതി വന്നിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | നികുതി സമാഹരണത്തിലെ പുരോഗതി സംബന്ധിച്ച വകുപ്പ് തിരിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.<br>1. <u>വാണിജ്യ നികുതി വകുപ്പ്</u><br>2015-16 സാമ്പത്തിക വർഷം ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ പിരിച്ചെടുത്തത് 7374.06 കോടി രൂപയാണ്. 2016-17 സാമ്പത്തിക വർഷം ജൂൺ മാസം മുതൽ ആഗസ്റ്റ് മാസം വരെ പിരിച്ചെടുത്തത് 8131.14 കോടി രൂപയാണ്. 757.08 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.<br>2. <u>ലാന്റ് റവന്യൂ വകുപ്പ്</u><br>2016-17 സാമ്പത്തിക വർഷത്തിൽ ലാന്റ് റവന്യൂ ഇനത്തിൽ വകുപ്പിന്റെ ബഡ്ജറ്റ് എസ്റ്റിമേറ്റ് 377.62 കോടി രൂപയാണ്. അടിസ്ഥാന ഭൂനികുതി ഒഴികെയുള്ള മറ്റിനങ്ങളായ കെട്ടിട നികുതി, ആഡംബര നികുതി ഇനങ്ങളിൽ 2016 ആഗസ്റ്റ് മാസം വരെയുള്ള കണക്ക് പരിശോധിക്കുമ്പോൾ കഴിഞ്ഞ വർഷം ഇതേ മാസം ഉണ്ടായിരുന്ന പിരിവിനേക്കാൾ കൂടുതലായി വന്നിട്ടുണ്ട്.<br>3. <u>രജിസ്ട്രേഷൻ വകുപ്പ്</u><br>2015 ഏപ്രിൽ മാസം മുതൽ 2015 ആഗസ്റ്റ് മാസം വരെ രജിസ്ട്രേഷൻ വകുപ്പിൽ 1029.47 കോടി രൂപ നികുതി സമാഹരിച്ചിട്ടുണ്ട്. 2016 ഏപ്രിൽ മാസം മുതൽ 2016 ആഗസ്റ്റ് മാസം വരെ 1090.53 കോടി രൂപയാണ് ഈ ഇനത്തിൽ സമാഹരിച്ചിട്ടുള്ളത്. മുൻ വർഷത്തേക്കാൾ 61.06 കോടി രൂപ കൂടുതലായി ഈ വർഷം ലഭിച്ചിട്ടുണ്ട്.<br>4. <u>മോട്ടോർ വാഹന വകുപ്പ്</u><br>മോട്ടോർ വാഹന വകുപ്പിന്റെ പ്രധാന വരുമാനമാർഗ്ഗം പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് കിട്ടുന്ന നികുതിയാണ്. ബഡ്ജറ്റിൽ നികുതി വർദ്ധന വന്നതിനാൽ വരുമാനത്തിലും വർദ്ധനവ് വന്നിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 5. <u>എക്സൈസ് വകുപ്പ്</u><br>2014-15 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2015-16 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ വരുമാനത്തിൽ 8% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ആഗസ്റ്റ് മാസം വരെയുള്ള ആകെ വരുമാനത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.7% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ.**